# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4288      24.06.2019 - ൽ മറുപടിക്ക്

## പി.ഐ.ഇട്ടിയുടെ ചികിത്സാ സഹായ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മാത്യു റ്റി.തോമസ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ശ്രീ. പി.ഐ. ഇട്ടി എന്നയാൾ ചികിത്സാ സഹായത്തിനായി തിരുവല്ല കുറ്റപ്പുഴ ഡിസ് പെൻസറി മുഖേന ഇ.എസ്.ഐ. കൊല്ലം ആർ.ഡി.ഡി. ഓഫീസിൽ നൽകിയ അപേക്ഷയിന്മേൽ (3.07.2018 -ലെ 119/18 നമ്പർ ഫയൽ) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും | ശ്രീ.പി.ഐ. ഇട്ടി തന്റെ ചികിത്സാ ഇനത്തിൽ ചെലവായ 12,92,458 /- രൂപയുടെ റീ ഇംബേഴ്സ്മെന്റ് അപേക്ഷ തിരുവല്ല ഇ.എസ്.ഐ ഡിസ്പെൻസറി മുഖേന കൊല്ലം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. കൊല്ലം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് പ്രസ്തുത അപേക്ഷ 13.09.2018 - ൽ ഇ.എസ്.ഐ കോർപ്പറേഷന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും ടി അപേക്ഷ 24.09.2018 ൽ ഇ.എസ്.ഐ കോർപ്പറേഷന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ 4,08,120 /- രൂപയുടെ ഇഞ്ചക്ഷന്റെ പൗച്ചുകളും ടാക്സ് ഇൻവോയ്സുകളും സമർപ്പിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത രേഖകൾ ലഭ്യമാക്കുവാൻ ശ്രീ.പി.ഐ. ഇട്ടി ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിൽ നിന്നും സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വ്യക്തിയ്ക്ക് അടിയന്തരമായി ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ